©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 മാർച്ച് 23<br>23rd March 2021<br>1196 മീനം 9<br>9th Meenam 1196<br>1943 ചൈത്രം 2<br>2nd Chaithra 1943 | നമ്പർ<br>No. | 12 |

# PART III

# Judicial Department

### ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, തലശ്ശേരി

ലേല പരസ്യം

നമ്പർ എ2-4808/2019. 2021 മാർച്ച് 2.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധീനതയിൽ ഉള്ളതും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സൂക്ഷിച്ചിട്ടുള്ളതും ജുഡീഷ്യറി ഡിപ്പാർട്ട്മെന്റിൽ ഉപയോഗത്തിൽ ഇല്ലാത്തതുമായ താഴെ പറയുന്ന വാഹനം 2021 മാർച്ച് മാസം 29-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വെച്ച് പരസ്യലേലം ചെയ്തു കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

| രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം ₹ | PWD അംഗീകരിച്ച കുറഞ്ഞ തുക ₹ |
|---|---|---|---|---|
| KL-13-B 4156 | അംബാസിഡർ കാർ | 1994 | 1,000 | 7,000 |

ലേലത്തിൽ പങ്കെടുക്കാൻ അഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പേ മേൽപ്പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് വെച്ച് അടച്ച് രസീത് വാങ്ങിക്കേണ്ടതും കൃത്യസമയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ ലേലത്തിന് മുദ്രവെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, തലശ്ശേരിയുടെ കാര്യാലയത്തിൽ 27-3-2021-ാം തീയതി 4 മണിക്ക് മുൻപായി ലഭിക്കേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിന് പുറത്ത് "വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യലേലം കഴിഞ്ഞാൽ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെൻഡറിലോ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ലേലം കഴിഞ്ഞാൽ ഉടൻ ലേലം/ടെൻഡർ സംഖ്യയുടെ പകുതി തുക നിരതദ്രവ്യം കഴിച്ചു ലേലസ്ഥലത്തുതന്നെ അടച്ച് രസീത് വാങ്ങേണ്ടതും ലേലം/ടെൻഡർ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി പത്തു ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ ജി. എസ്. ടി.യും അടച്ച് സ്വന്തം ചെലവിൽ വാഹനം കൊണ്ടുപോകേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

മേൽ പറഞ്ഞ വാഹനം ലേല തീയതിയുടെ മുൻപുള്ള പത്തു പ്രവൃത്തി ദിവസങ്ങളിൽ രാവിലെ പത്തു മണി മുതൽ വൈകിട്ട് അഞ്ചു മണിവരെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം മാറ്റിവെയ്ക്കുന്നതിന് തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന് അധികാരം ഉണ്ടായിരിക്കും. ലേലം സംബന്ധിച്ച് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, തലശ്ശേരിയുടെ തീരുമാനം അന്തിമമായിരിക്കും.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (ഒപ്പ്)
കോടതി, തലശ്ശേരി. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്.